**കെ.എസ്.ഡബ്ല്യൂ.എം.പി. മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ 30.07.2025-ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്**

**യോഗത്തിൽ പങ്കെടുത്തവർ**

1. Smt.Anupama TV IAS, Special Secretary,LSGD
2. Smt. Divya S. Iyer IAS, Project Director, KSWMP
3. Sri.U.V.Jose IAS (Rtd.), Executive Director, Suchitwa Mission.
4. Smt. Anitha KAS, KSWMP.
5. Smt.Ganga R.S., Director (SWM), Suchitwa Mission.
6. Sri.Renju R. Pillai, AD (SWM), KSWMP.
7. Smt.Beena S. Kumar, AD (Projects), KSWMP
8. Sri.Shiju Chandran R., SC(D), SM
9. Smt. Premila L, FME, KSWMP.
10. Smt.Aswani Krishnan, Procurement KSWMP.
11. Sri.Previnjith, Head, Comp 3, KSWMP.
12. Sri.Jayakumar J.S., USTE, KSWMP.
13. Sri.Hiran Krishna, MEE, KSWMP.
14. Smt. Premaletha S, Environment Expert, SPMU, KSWMP
15. Smt.Geetha M. Nair, IEC Expert, KSWMP
16. Sri.Jayachandran R, FME, SPML, KSWMP

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 30.07.2025-ന് ഉച്ചക്ക് 12.00 മണിക്ക് യോഗം ആരംഭിച്ചു. KSWMP ഫണ്ടുപയോഗിച്ച് മാലിന്യസംസ്കരണത്തിനായി വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നതെന്ന് ബഹു.മന്ത്രി ആമുഖമായി അറിയിച്ചു.

ഇൻഡോർ മാതൃകയിൽ (മധ്യപ്രദേശ്) പ്രൈമറി / സെക്കന്ററി കളക്ഷൻ -ട്രാൻസ്പോർട്ടേഷൻ എന്നീ സംവിധാനങ്ങൾക്ക് പകരം കംപാർട്ട്മെന്റുകളായി തിരിച്ച വാഹനങ്ങൾ ഉപയോഗിച്ച് വാതിൽപ്പടി ശേഖരണ സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നും, പ്രസ്തുത വാഹനം

ഉപയോഗിക്കുന്നത് കൊണ്ട് എഫിഷ്യൻസി കൂടുതലാകുമെന്നും ബ്രാൻഡിംഗിന്റെ ഭാഗമായുള്ള ലോഗോ രേഖപ്പെടുത്തിയ വാഹനങ്ങളാകുമ്പോൾ വൃത്തിയുടെ ആശയം ജനങ്ങളിലേയ്ക്ക് എത്തുമെന്നും ഈ രണ്ട് മേന്മ ഇൻഡോർ മാതൃകയിൽ കണ്ടിരുന്നതായും, നിലവിൽ സംസ്ഥാനത്തും മാലിന്യം ശേഖരിക്കുന്ന വാഹനത്തിന്റെ കാര്യത്തിൽ ഇതേ മാതൃക പിന്തുടരാവുന്നതാണെന്ന് കാണുന്നതായും കെ.എസ്.ഡബ്ല്യു.എം.പി. വഴി customize model വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനാണ് യോഗം കൂടിയിരിക്കുന്നതെന്നും സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

വാഹനങ്ങൾ വാങ്ങുന്നതിന്റെ ആവശ്യകത എത്രയുണ്ടെന്ന് കണക്കാക്കി എത്രയും പെട്ടെന്ന് വാഹനങ്ങൾ വാങ്ങുന്ന പ്രക്രിയയിലേയ്ക്ക് കടക്കണമെന്നും കെ.എസ്.ഡബ്ല്യു.എം.പി.യുടെ പക്കൽ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും വാഹനത്തിന്റെ ഡിമാന്റ് വന്നിട്ടുണ്ടോ എന്നും ബഹു.മന്ത്രി ആരാഞ്ഞു.

നിലവിൽ വാഹനങ്ങളുടെ ആവശ്യകത വരുന്ന മുറയ്ക്കാണ് പ്ലാൻ ചെയ്യുന്നതെന്നും ഗ്യാപ് അസസ്മെന്റ് ചെയ്താണ് വാഹനങ്ങളുടെ പർച്ചേസ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും കെ.എസ്.ഡബ്ല്യു.എം.പി. അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ തദ്ദേശ സ്ഥാപനങ്ങൾ വേണ്ടത്ര സഹകരിക്കുന്നില്ലെന്നും മെയിന്റനൻസ്,ഇന്ധനച്ചെലവ് എന്നിവ വഹിക്കേണ്ടിവരുമെന്നതിനാലാണ് എതിർക്കുന്നതെന്നും ഹരിതകർമ്മസേനയ്ക്ക് പ്രൈമറി കളക്ഷനാണ് വാഹനങ്ങൾ വേണ്ടതെന്നും കൺസോർഷ്യം ആണ് എത്ര വാഹനം ആവശ്യമുണ്ടെന്ന് അറിയിക്കേണ്ടതെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ഹരിതകർമ്മ സേന കൺസോർഷ്യത്തിന് വാഹനം ലഭ്യമാക്കുകയും, തദ്ദേശ സ്ഥാപനങ്ങൾ ഡ്രൈവർ,ഇന്ധനം എന്നിവയുമായി ബന്ധപ്പെട്ട ചെലവ് വഹിക്കുകയും വേണമെന്ന് ബഹു.മന്ത്രി അഭിപ്രായപ്പെട്ടു.

പാർക്കിംഗ് സ്പേസ്,മെയിന്റനൻസ്,ഡ്രൈവർ,ഇന്ധനം എന്നിവയുമായി ബന്ധപ്പെട്ട ചെലവ് എന്നിവ മുനിസിപ്പാലിറ്റി വഹിക്കേണ്ടി വരുമെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വാഹനങ്ങൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

കസ്റ്റമൈസ്ഡ് വാഹനം ആയതുകൊണ്ടുതന്നെ സെൻട്രലൈസ്ഡ് ആയിട്ട് തന്നെ പർച്ചേസ് നടത്തണമെന്ന് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

കോർപ്പറേഷൻ ഏര്യയിൽപൈലറ്റ് ചെയ്യുന്നത് നന്നായിരിക്കുമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

വിശദമായ ചർച്ചയ്ക്ക് ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

<u>തിരുമാനങ്ങൾ</u>

1. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യം ശേഖരിക്കുന്നതിനായി കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് മുഖേന കവചിതവാഹനങ്ങൾ സെൻട്രൈലൈസ്ഡ് ആയി വാങ്ങിനൽകേണ്ടതാണ്. **(നടപടി - പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി. )**
2. വാഹനം ഹരിതകർമ്മസേന കൺസോർഷ്യത്തിനാണ് നൽകേണ്ടത്. വാഹനത്തിന്റെ പ്രാഥമിക ചെലവുകൾ കൺസോർഷ്യം വഹിക്കേണ്ടതും, വാഹനത്തിന്റെ ഡ്രൈവറെ തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതുമാണ്. **(നടപടി - പ്രോജക്ട് ഡയറക്ടർ കെ.എസ്.ഡബ്ല്യു.എം.പി.; തിരുവനന്തപുരം/ കൊച്ചി/ തൃശ്ശൂർ/ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി)**
3. വാഹനത്തിന്റെ മെയിന്റനൻസ് സെൻട്രൈലൈസ്ഡ് ആക്കേണ്ടതാണ്. പ്രോജക്ട് കഴിയുന്നതുവരെ കെ.എസ്.ഡബ്ല്യു.എം.പി.യും അത് കഴിഞ്ഞാൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വാഹനത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടതാണ്. **(നടപടി - പ്രോജക്ട് ഡയറക്ടർ കെ.എസ്.ഡബ്ല്യു.എം.പി.; തിരുവനന്തപുരം/ കൊച്ചി/ തൃശ്ശൂർ/ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി)**
4. എല്ലാ വാഹനങ്ങളുടെയും ബ്രാൻഡിംഗ് ഒരു പോലെ ആയിരിക്കണം. **(നടപടി - പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി. )**
5. ടി കോർപ്പറേഷനുകളിൽ വാഹനങ്ങളുടെ ആവശ്യകത സംബന്ധിച്ച വിലയിരുത്തൽ ശുചിത്വമിഷൻ ഒരാഴ്ചക്കകം നടത്തി വിവരം കെ.എസ്.ഡബ്ല്യു.എം.പി.യെ അറിയിക്കേണ്ടതാണ്. **(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)**
6. തുടർന്ന് വാഹനം വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് കെ.എസ്.ഡബ്ല്യു.എം.പി. കടക്കേണ്ടതാണ്. **(നടപടി - പ്രോജക്ട് ഡയറക്ടർ കെ.എസ്.ഡബ്ല്യു.എം.പി. )**

യോഗം 12.30-ന് അവസാനിച്ചു.